കേരള കാർഷിക സർവ്വകലാശാല
കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ
*Phone /Fax No: 0460 2227287, E-mail: prspanniyur@kau.in*

പി1- 1280/2023 തീയ്യതി: 15.01.2024

## പൊതുലേല പരസ്യം

പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ ബ്ലോക്ക് നമ്പർ 23-ലെ 28ാം നമ്പർ (Tree register Vol. III Page no. 54) താഴെ പറയും പ്രകാരമുള്ള കുന്തിരിക്കം മരം പി.ആർ.എസ് പന്നിയൂരിൽ വെച്ച് 24.01.2024, 11.00am മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ക്രമ നം | ഇനം | ഉയരം | വീതി | വ്യാപ്തം |
|---|---|---|---|---|
| 1 | കുന്തിരിക്കം (Bosellia serrate) | 10 മീറ്റർ | 180 സെ.മീ | 1.352 ഘന.മീ |

ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടുവരാത്ത പക്ഷം ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കുന്നതിന് ലേലത്തിന് മുമ്പായി 1000/- (ആയിരം) രൂപയുടെ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ഏറ്റവും കൂടിയ തുക ലേലം വിളിക്കുന്ന ആളിന്റെ പേർക്ക് ലേലം സ്ഥിരപ്പെടുത്തുന്നതും ലേല തുകയോടൊപ്പം ലേല തുകയുടെ 5% വന വികസന നികുതിയും, 18% GSTയും മറ്റ് നിയമാനുസൃത നികുതിയും അടക്കേണ്ടതാണ്. ലേല തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക (എല്ലാ നികുതികളും ഉൾപ്പടെ) 7 ദിവസത്തിനകം അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്. നികുതി ഉൾപ്പടെയുള്ള മുഴുവൻ ലേലത്തുകയും കുരുമുളക് ഗവേഷണകേന്ദ്രം, പന്നിയൂരിൽ അടച്ചതിന് ശേഷം മാത്രമേ മരം മുറിച്ച് മാറ്റാൻ അനുവദിക്കുകയുള്ളു. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടക്കുന്നതാണ്. മുറിക്കേണ്ട മരം പ്രവൃത്തിസമയത്ത് നേരിൽകണ്ട് ബോധ്യപ്പെടാവുന്നതാണ്.

ലേലം ഉറപ്പിക്കുന്ന വ്യക്തി ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ സ്വന്തം ചെലവിലും ഉത്തരവാദത്തിലും ലേല സാധനങ്ങൾ മറ്റ് വസ്തുക്കൾക്ക് നാശം വരുത്താതെ പ്രസ്തുത പരിസരത്തു നിന്നും നീക്കം ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യതിനു ശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഏതെങ്കിലും വിധത്തിൽ യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലേലം ഉറപ്പിച്ച് കിട്ടിയ ആളിന്റേതായിരിക്കും, ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ ലേലം ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ലേലം മാറ്റി വെയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ/ റദ്ദാക്കുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂരിൽ നിക്ഷിപ്തമായിരിക്കും

ലേലം സംബന്ധിച്ച സർക്കാർ/ സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ നമ്പർ: **0460 2227287**/ 8921082050.

ഒപ്പ്/-
**ഡോ.രശ്മി പോൾ**
**അസി. പ്രൊഫസർ & ഹെഡ്**

KERALA AGRICULTURAL UNIVERSITY
PANNIYUR - 670 142
Date.....................
PEPPER RESEARCH STATION

പകർപ്പ്-

1. നോട്ടീസ് ബോർഡ്
2. കെ.വി.കെ
3. കെ.എ.യു വെബ്സൈറ്റ്
4. വില്ലേജ് ഓഫീസ് (പന്നീയൂർ)
5. കുറുമാത്തൂർ പഞ്ചായത്ത് ഓഫീസ് (കുറുമാത്തൂർ)
6. ശ്രീമതി ദിവ്യ കെ.കെ, അസിസ്റ്റന്റ് പ്രൊഫസർ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

Amar 15.01.2024